LIBRARY ARCHIVES Kerala Legislative Assembly

വ്യാജ വിലനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭൂമികച്ചവടം

86 (4668) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ റീജിയണൽ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പത്തനംതിട്ടയിൽ സ്ഥലം വിലയ്ക്കു വാങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രസെന്റ് ഭൂമി വിലയ്ക്കുവാങ്ങി ; ഒരു സെന്റ് ഭൂമിക്ക് എത്ര രൂപ വിലയായി ; വ്യക്തമാക്കുമോ ;

(ബി) ഭൂമി വാങ്ങുന്ന അവസരത്തിൽ ബാങ്ക് നേരിട്ട് തഹസീൽദാരിൽ നിന്നും വിലനിർണ്ണയ സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നോ ; കോഴഞ്ചേരി തഹസീൽദാർ നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വസ്തുവിന് കണക്കാക്കിയ വില സെന്റൊന്നിന് എത്ര രൂപയായിരുന്നു ;

(സി) ഈ ഇടപാടിൽ ഇടനിലക്കാർ ഉണ്ടായിരുന്നോ ; ഇടനിലക്കാർ വ്യാജമായി നിർമ്മിച്ചു നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭൂമി കച്ചവടം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഭൂമി കച്ചവടത്തിലെ വെട്ടിപ്പിലും വ്യാജരേഖ ഉണ്ടാക്കിയതിലും അന്വേഷണം നടത്തി, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത അഴിമതി സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നിലവിലുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബാങ്കിന്റെ റീജിയണൽ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി പത്തനംതിട്ട ജില്ലയിൽ 12 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. ഒരു ആറിന് 22,75,000-രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ) നിരക്കിലാണ് (ഉദ്ദേശം സെന്റിന് 9,20,680-രൂപ നിരക്കിൽ) വാങ്ങിയിട്ടുള്ളത്.

(ബി) കോഴഞ്ചേരി തഹസീൽദാരുടെ വില നിർണ്ണയ സർട്ടിഫിക്കറ്റ് സ്ഥലം ഉടമ ബാങ്കിന് നൽകിയിട്ടുള്ളതാണ്. കോഴഞ്ചേരി തഹസീൽദാരുടെ 3-3-2014-ലെ സി4/1864/2014/ കെഡിസ് നമ്പർ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം [ഒരു ആറിന് 22,75,000-രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ) നിരക്കിലാണ് (ഉദ്ദേശം സെന്റിന് 9,20,680-രൂപ)] വില നിശ്ചയിച്ചിട്ടുള്ളത്.

(സി) ബാങ്കിന് ഇടനിലക്കാർ ഇല്ലായിരുന്നു. പത്തനംതിട്ട, ആനപ്പാറ, കോലിയാനിക്കരയിൽ വീട്ടിൽ ചിന്നമീരാൻ മകൻ ശ്രീ റഷീദ് സമർപ്പിച്ച പരാതിയിന്മേൽ ബാങ്ക് നടത്തിയ അന്വേഷണത്തിൽ ബാങ്കിൽ ഹാജരാക്കപ്പെട്ട കോഴഞ്ചേരി തഹസീൽദാർ നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ടി പരാതിയിന്മേൽ ബാങ്ക് വിശദമായ അന്വേഷണം ആവശ്യപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്:

1. വിശദമായ അന്വേഷണം ആവശ്യപ്പെട്ട് ബാങ്ക് പ്രസിഡന്റ് 4-3-2015-ലെ G4/RO-PTA/L&B/13-14 നമ്പർ കത്തുപ്രകാരം ആഭ്യന്തര വകുപ്പ് മന്ത്രിക്ക് ഹർജി നൽകുകയും ഇതേത്തുടർന്ന് ടി പരാതി എ.ഡി.ജി.പി. (ക്രൈംസ്) പോലീസ് വകുപ്പ്, തിരുവനന്തപുരത്തിന് മേൽ നടപടികൾക്കായി അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

2. ബാങ്ക് പ്രസിഡന്റ് 6-3-2015-ൽ റവന്യൂ വകുപ്പ് മന്ത്രി സമക്ഷം ഹർജി നൽകുകയും, ടി ഹർജി പ്രകാരം പത്തനംതിട്ട ജില്ലാകളക്ടർ തലത്തിൽ കൂടുതൽ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.

3. ബാങ്ക് 3 അംഗ ഉന്നതതല ഉദ്യോഗസ്ഥരെക്കൊണ്ട് ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ഇക്കാര്യത്തിന്മേൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറോട് സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ബാങ്കിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി തെളിയുകയാണെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ബാങ്ക് പ്രസിഡന്റ് ആഭ്യന്തര വകുപ്പ് മന്ത്രിക്ക് നൽകിയ ഹർജിയിന്മേൽ എ.ഡി.ജി.പി. (ക്രൈംസ്) തിരുവനന്തപുരം നടത്തുന്ന അന്വേഷണവും റവന്യൂ വകുപ്പുമന്ത്രിക്ക് നൽകിയ ഹർജിയിന്മേൽ പത്തനംതിട്ട ജില്ലാകളക്ടർ തലത്തിലുള്ള അന്വേഷണവും നടന്നുവരുന്നു.

സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

87 (4669) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങൾ സ്ഥലം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് ലഭിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly